# നാലുവർഷം തികയും മുമ്പ് സർക്കാര് 54,000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തു–മുഖ്യമന്ത്രി പിണറായി വിജയൻ

## കിഫ്ബിക്കെതിരെയുള്ള ആക്ഷേപങ്ങളിൽ പൊതുജന താൽപര്യമില്ല

ആലപ്പുഴ: അഞ്ചു വർഷം കൊണ്ട് കേരളത്തിൽ 50, 000 കോടി രൂപയുടെ വികസനം ഏറ്റെടുക്കുമെന്ന സർക്കാർ പ്രഖ്യാപനം ഏറ്റെടുത്ത് നാലുവർഷം പൂർത്തിയാകുന്നതിന് മുമ്പുതന്നെ സംസ്ഥാനത്ത് 54,000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തു കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആലപ്പുഴ ഇഎംഎസ് ഗ്രൗണ്ടിൽ കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് ) വഴി നടക്കുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ ജില്ലാതല പ്രദർശനം കേരള നിർമ്മിതി' ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നാളിതുവരെ കാണാത്ത വികസന മുന്നേറ്റമാണ് കേരളത്തിൽ നടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. കുറ്റമറ്റ പരിശോധനാ സംവിധാനമുള്ള കിഫ്ബിക്കെതിരെ നടക്കുന്ന ആക്ഷേപങ്ങളില് പൊതുജന താൽപ്പര്യം തീരെയില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 250 പദ്ധതികൾ സംസ്ഥാനത്ത് പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. ആലപ്പുഴയിൽ മാത്രം അനുമതി നൽകിയത് 86 പദ്ധതികൾക്കാണ്. 3187കോടി രൂപ ഇവിടെ പദ്ധതികൾക്കായി ചെലവിടുന്നു.

സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സർവതല സ്പർശിയായ വികസനമാണ് സർക്കാരിന്റെ നയം. എല്ലാ വിഭാഗത്തിനും വികസനത്തിന്റെ സ്വാദ് അറിയാനുള്ള അവസരം വേണം. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളില് വലിയൊരു ഭാഗം കിഫ്ബിയുടെ സാമ്പത്തിക സ്രോതസ്സ് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. പൊതുജനാരോഗ്യരംഗം, പൊതു വിദ്യാഭ്യാസ രംഗം എന്നിവയുടെ വികസനത്തിന് കിഫ്ബി വഴി പണം ചെലവഴിക്കുന്നു. ആരോഗ്യ രംഗത്ത് മാറ്റങ്ങൾ എല്ലാവർക്കും കാണാവുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടേയും ജീവനക്കാരുടേയും വർദ്ധന ഉണ്ടാക്കി. മരുന്ന്, ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തി. ഇപ്പോൾ വൈകുന്നേരം ഒ.പി.യും സജ്ജമായിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ സൂപ്പർസ്പെഷ്യാലിറ്റി സൗകര്യങ്ങളിലേക്ക് മാറുന്നു. നേരത്തെ തന്നെ മെച്ചമായിരുന്ന കേരളത്തിലെ ആരോഗ്യ -വിദ്യാഭ്യാസ മേഖലയെ കുറേക്കൂടി മെച്ചപ്പെടുത്തുകയാണ് സർക്കാർ ചെയ്യുന്നത്. വ്യവസായ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടെയുള്ളവയ്ക്ക് സഹായം നൽകുന്നു. ഏറ്റെടുക്കുന്ന

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് വ്യക്തമായ ധാരണ കിഫ്ബിക്കുണ്ട്. സുതാര്യത ഫണ്ടുകളുടെ സമാഹരണത്തിലും വിനിയോഗത്തിലും പാലിക്കുന്നു. കിഫ്ബിയുടെ പരിശോധന സംവിധാനം കുറ്റമറ്റതാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യാൻ കഴിഞ്ഞതുതന്നെ വിദേശ ഏജൻസികള് പോലും കിഫ്ബിയെ ശ്രദ്ധിക്കുന്നു എന്നതിന്റെ തെളിവാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

**കുട്ടനാടിന് 241 കോടി രൂപയുടെ കുടിവെള്ള പദ്ധതി**

കുട്ടനാടിന്റെ സമഗ്ര വികസനത്തിന് ഏറെ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. 241 കോടി രൂപ ചെലവിൽ പുതിയ ജലവിതരണ സംവിധാനം കുട്ടനാട്ടിൽ സർക്കാർ കൊണ്ടുവരുകയാണ്. 13 ഗ്രാമപഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കഴിഞ്ഞ പ്രളയ കാലത്ത് കുട്ടനാട് ഒറ്റപ്പെട്ടു. ഇത് ആവർത്തിക്കാതിരിക്കണം. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് ഫ്ലൈ ഓവറുകൾ ഉൾപ്പെടെ സ്ഥാപിച്ച് നവീകരിക്കുകയാണ്. ബണ്ടുകൾ ശക്തിപ്പെടുത്തൽ, വേമ്പനാട്ടുകായൽ ശുദ്ധീകരണം, നാടൻ മത്സ്യ കൃഷി വികസനം, തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം എന്നിവയ്ക്ക് സർക്കാർ ഏറെ മുൻഗണന നൽകുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ വീതികൂട്ടൽ പൊതുജന താൽപ്പര്യം മുൻനിർത്തിയാണെന്നും അതിന് തടസ്സം നിൽക്കരുതെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. അടുത്ത മഴക്കാലത്തിനു മുമ്പ് നിയമ തടസ്സങ്ങൾ നീക്കി തണ്ണീർമുക്കം ബണ്ടിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് ഈ സർക്കാർ വേണ്ടതെല്ലാം ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വികസന മുന്നേറ്റങ്ങൾ ജനങ്ങൾ നേരിട്ട് അറിയുകയും മനസ്സിലാക്കുകയും വേണം.

ആലപ്പുഴ ജില്ലയെ കിഴക്കിൻറെ വെനീസ് എന്ന് അഭിമാനത്തോടെ പറയാൻ പ്രാപ്തമാക്കും. പൈതൃക ടൂറിസം പദ്ധതി, കനാൽ നവീകരണം, മൊബിലിറ്റി ഹബ്ബ്, നഗര പാതകളുടെ നവീകരണം, മ്യൂസിയ ശൃംഖലകൾ സ്ഥാപിക്കൽ എന്നിവയെല്ലാം അതിവേഗം മുന്നോട്ടു പോവുന്നു. ആലപ്പുഴ ബൈപാസ് പൂർത്തീകരണത്തിന് അടുക്കുന്നു. ഇതിനുപുറമെ രണ്ടാം ബൈപ്പാസ് അലൈൻമെൻറ് എടുത്തുവരുന്നു. പുതിയ കടൽപ്പാലം, തുറമുഖ മ്യൂസിയം എന്നിവ പൈതൃക പദ്ധതിക്ക് മാറ്റുകൂട്ടും. കയർ മ്യൂസിയവും വരികയാണ്. മാവേലിക്കര ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, കായംകുളം ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് സെൻറർ ഏറെ പേർക്ക് ഗുണകരമാകുന്നു. ആലപ്പുഴ ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യം വരുന്നു. സ്കൂളുകളില് ക്ലാസ് റൂമുകൾ ഹൈടെക്കായി. പ്രീതി കുളങ്ങര സ്റ്റേഡിയം നിർമ്മാണം പുരോഗമിക്കുകയാണ്. ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയവും നവീകരിക്കുന്ന ഇഎംഎസ് സ്റ്റേഡിയവും വരുന്നതോടെ ജില്ലയുടെ കായിക മേഖലയിൽ വലിയ മാറ്റങ്ങൾക്ക് വഴിവയ്ക്കുമെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ധനകാര്യ മന്ത്രി ഡോ.ടി.എം.തോമസ് ഐസക് അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പമന്ത്രി ജി.സുധാകരൻ, ഭക്ഷ്യ വകുപ്പമന്ത്രി പി.തിലോത്തമൻ, എ.എം.ആരിഫ് എം.പി, എം.എൽ.എമാരായ സജി ചെറിയാൻ, ആർ.രാജേഷ്,യു.പ്രതിഭ, ജില്ല പഞ്ചായത്ത് പ്രസിഡൻറ് ജി.വേണുഗോപാൽ, ജില്ല കളക്ടര് എം.അഞ്ജന, മാവേലിക്കര നഗരസഭാധ്യക്ഷ ലീല അഭിലാഷ്, കിഫ്ബി സി.ഇ.ഓ കെ.എം.എബ്രഹാം, മുൻ കയർകോർപ്പറേഷന് ചെയർമാന് ആര്. നാസർ, നഗരസഭാ കൗൺസിലര് ഡി.ലക്ഷ്മണൻ എന്നിവര് സംസാരിച്ചു. മാർച്ച് 10 വരെയാണ് പ്രദർശനം.